## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 307. 09.06.2014 ൽ മറുപടിയ്ക്ക്.

**ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകത**

| | ചോദ്യം<br>ശ്രീ. ജി.സുധാകരൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഫെയർസ്റ്റേജ് കണക്കാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; | (എ) | കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 211 പ്രകാരം രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള അകലം 6.5 കി.മീറ്ററിൽ കൂടാൻ പാടില്ല. സാധാരണയായി രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള ദൂരം ഏകദേശം 2.5 കി.മീറ്റർ ആയി നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ഫാസ്റ്റ് പാസ്സഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് യാത്രക്കാരുടെ ആവശ്യകതയും, സ്ഥലത്തിന്റെ പ്രാധാന്യവും സ്റ്റേജുകൾ തമ്മിലുള്ള അകലവും കണക്കിലെടുത്താണ് ഫെയർസ്റ്റേജ് നിശ്ചയിക്കുന്നത്. |
| (ബി) | ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അശാസ്ത്രീയതമൂലം അമിതചാർജ്ജ് നൽകേണ്ടിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അത് പരിഹരിക്കുന്നതിനും ഫെയർസ്റ്റേജ് നിർണ്ണയം പുനഃ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; | (സി) | സ്വീകരിച്ചു വരുന്നു. |
| (ഡി) | ബസ് ചാർജ് വർദ്ധിപ്പിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിദിനം എന്തു തുക അധിക വരുമാനമായി ലഭിക്കുന്നുണ്ട് ? | (ഡി) | 2014 മെയ് മാസം ചാർജ് വർദ്ധിപ്പിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടായ പ്രതിദിന വരുമാനവർദ്ധനവ് ശരാശരി 59.22 ലക്ഷം രൂപയാണ്. |

(signature)

സെക്ഷൻ ഓഫീസർ.